പിതാവിൻ പക്കലേയ്ക്കു്

ഗാനങ്ങൾ

ഫാദർ ആബേൽ സി. എം. ഐ.

പിതാവിൻ പക്കലേയ്ക്കു്

ഗാനങ്ങൾ

By

ഫാദർ ആബേൽ സി. എം. ഐ.

സംഗീതം:

കെ. കെ. ആൻറണി

Rights reserved

1–3–1972

60 പൈസ

പിതാവിൻ പക്കലേയ്ക്ക്

പ്രാരംഭപാഠങ്ങൾ

പാഠം 1

ദൈവം എന്റെ പിതാവ്

അമ്പിളിയമ്മാവാ, ഞാനൊരു
കാര്യം ചോദിക്കാം:
എങ്ങനെയുണ്ടായ് നീ; ആരീ—
ഭംഗി നിനക്കേകി?

കുഞ്ഞേ, പൂങ്കുടമായെന്നെ
ത്തീർത്തതു ദൈവം താൻ:
വാനിൽ വാഴുന്ന ദൈവം,
നമ്മെപ്പോറ്റുന്നു.

കുയിലേ, പൂങ്കുയിലേ, ഭൂമിയി—
ലെങ്ങനെ വന്നു നീ;
പാട്ടുകൾ പാടിടുവാനാരീ—
തൊണ്ട നിനക്കേകി?

കുഞ്ഞേ, ഗായകനായെന്നെ
ത്തീർത്തതു ദൈവം താൻ:
വാനിൽ വാഴുന്ന ദൈവം,
നമ്മെപ്പോറ്റുന്നു.

പാഠം 2

മനോഹരമായ ലോകത്തെ തന്ന ദൈവത്തെ വാഴ്ത്താം

ദൈവം കല്പിച്ചു,
പറവകളുണ്ടായി;
പറവകൾ മാനത്തിൽ
പറന്നു പാടുന്നു.

ദൈവം കല്പിച്ചു,
മീനുകളുണ്ടായി;
മീനുകൾ വെള്ളത്തിൽ
നീന്തിനടക്കുന്നു.

ദൈവം കല്പിച്ചു,
മൃഗങ്ങളുണ്ടായി;
മൃഗങ്ങൾ നാടെല്ലാം
നടന്നു മേയുന്നു.

ദൈവം കല്പിച്ചു,
മനുഷ്യനുണ്ടായി;
മനുഷ്യനീശ്വരനെ
വാഴ്ത്തിപ്പാടുന്നു.

പാഠം 14

ബാലികേ, എഴുന്നേൽക്കൂ

സ്നേഹം ജഗത്തിൽ വിതയ്ക്കുവാനായ്
സ്നേഹത്തിൻ തൂലികയിറങ്ങി ദൈവം;
സർവ്വേശനന്ദനൻ മർത്യനായി
ഉർവ്വിയിലാനന്ദം നൃത്തമാടി.

എല്ലാക്കുമുഴിയിൽ നന്മചെയ്യാൻ
സ്വർല്ലോകം വിട്ടിങ്ങിറങ്ങിദൈവം;
മാനവനാകാശരാജ്യമേകാൻ
മാനവരൂപം ധരിച്ചുവന്നു.

കാനായിൽ വെള്ളംവീഞ്ഞാക്കി;
കടലിന്റെ മീതെ നടന്നുപോയി;
കുരുടന്റെ കണ്ണിനു കാഴ്ചനൽകി
മരണമടഞ്ഞോർക്കു ജീവനേകി.

പാഠം 15

ഈശോ നമുക്കുവേണ്ടി മരിക്കുന്നു

സൂര്യനെന്തേയിരുണ്ടുമയങ്ങുന്നു ?
ഭൂമിയെന്തേ കുലുങ്ങിവിറയ്ക്കുന്നു ?
പാറയെന്തേ പിളർന്നുതകരുന്നു ?
ഭീതിയെന്തേ വളർന്നു പരക്കുന്നു

ദൈവനന്ദനൻ ക്രൂശിതനായ്മരിച്ചു;
ലോകപാലകൻ നിന്ദിതനായ്മരിച്ചു.

പാപികൾക്കുതൻ രക്തവും മാംസവും
നല്കിടുന്നു മഹേശ്വരനന്ദനൻ;
ഇന്നുമൻത്താരതന്നിലാദിവ്യമാം
കാൽവരിയിലെ യാഗംനടക്കുന്നു.

പാഠം 18

പരിശുദ്ധാത്മാവിന്റെ ആലയങ്ങൾ

ഈശ്വരനെത്തേടി ഞാൻ നടന്നു
കടലുകൾ കടന്നു ഞാൻ തിരഞ്ഞു;
അവിടെയുമില്ലിവിടെയുമില്ലീശ്വരൻ
വിജനമായ ഭൂവിലുമില്ലീശ്വരൻ.

ഈശ്വരനെ....

എവിടെയാണീശ്വരന്റെ കാല്പാടുകൾ?
മണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല;
എവിടെയാണീശ്വരന്റെ സുന്ദരാനനം?
വിണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല,

ഈശ്വരനെ....

കണ്ടില്ല, കണ്ടില്ലെന്നോതിയോതി
കാനനച്ചോല കുണുങ്ങിയോടി;
കാണില്ല, കാണില്ലെന്നോതിയോതി
കിളികൾ പറന്നു പറന്നുപോയി,

ഈശ്വരനെ....

അവസാനമെന്നിലേയ്ക്കു ഞാൻ തിരിഞ്ഞു—
ഹൃദയത്തിലേയ്ക്കു ഞാൻ കടന്നു.
അവിടെയാണീശ്വരന്റെ വാസം
സ്നേഹമാണീശ്വരന്റെ രൂപം.

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org